Malappuram District Police

## 17/06/2018 കരുവാരകുണ്ട്

കരുവാരക്കുണ്ടിൽ വീണ്ടും വൻ വ്യാജ മദ്യ വേട്ട. കഴിഞ്ഞ ദിവസം കരുവാരക്കുണ്ട് പോലീസ് അറസ്റ്റ് ചെയ്ത സജികുമാർ എന്നയാളിൽ നിന്നും 86 കുപ്പി മദ്യം പിടിച്ചെടുത്തിരുന്നു. ഈ കേസിന്റെ അന്വേഷണം നടത്തി വരവേ 17/06/2018 തിയ്യതി മണ്ണാർക്കാട് അരിയൂർ- കണ്ടമംഗലം റൂട്ടിൽ നൗഷാദ് S/O ഹംസ കോൽക്കാട്ടിൽ (ഹൗസ്) എന്നയാളുടെ വീടിന്റെ ബെഡ്റൂമിനോട് ചേർന്നുള്ള ബാത്റൂമിൽ നിന്നും പ്ലാസ്റ്റിക് കവറുകളിലാക്കി ഒളിപ്പിച്ചു വെച്ച നിലയിൽ 140 കുപ്പികളിലായി സൂക്ഷിച്ച 70 ലിറ്റർ വ്യാജ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം കരുവാരക്കുണ്ട് എസ്ഐ ജ്യോതീന്ദ്രകുമാറും സംഘവും പിടികൂടി. ഇതോടെ മൊത്തം 3 ദിവസത്തിനിടെ 226 കുപ്പികളിലായി 113 ലിറ്റർ വ്യാജ ഇന്ത്യൻ നിർമ്മിത വിദേശ മദ്യമാണ് പിടികൂടിയത്. 16/06/2018 തിയ്യതി അറസ്റ്റ് ചെയ്ത സജികുമാർ എന്നയാളെ ചോദ്യം ചെയ്തതിൽ നിന്നും മേൽ പറഞ്ഞ നൗഷാദ് എന്നയാൾ എവിടെ നിന്നോ സംഘടിപ്പിച്ച വ്യാജ മദ്യം ടിയാൻ വാടകക്ക് എടുത്ത മാരുതി സ്വിഫ്റ്റ് ഡിസയർ കാറിൽ ആവശ്യക്കാർക്ക് വിതരണം ചെയ്തു കൊടുത്തു വരികയായിരുന്നു. മലയോര പിന്നോക്ക മേഖലകളെ ലക്ഷ്യമിട്ടാണ് മദ്യ വിതരണം നടന്നിരുന്നത്. അട്ടപ്പാടിയിൽ നൗഷാദിൽ നിന്നും വാങ്ങിയ മദ്യം വില്പന നടത്തിയ കാര്യത്തിന് കേസ് എടുത്തിട്ടുള്ളതാണ്. ഈ മദ്യം കഴിച്ച പലർക്കും പലതരത്തിലുള്ള ദേഹാസ്വാസ്ഥ്യങ്ങൾ അനുഭവപ്പെട്ട പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് അന്വേഷണം ഊർജ്ജിതമാക്കിയത്. നൗഷാദ് മണ്ണാർക്കാട്

Malappuram District Police

അട്ടപ്പാടി മേഖലകളിലെ വിവിധ പോലീസ് സ്റ്റേഷനുകളിലെ നിരവധി കേസുകളിലെ പ്രതിയാണ്. ടിയാൻ വ്യാജ മദ്യം കടത്തുവാൻ ഉപയോഗിച്ച കാർ പോലീസ് ബന്തവസ്സിലെടുത്തു. മലബാർ മേഖലയിൽ നിരവധി ചെറുപ്പക്കാർ തങ്ങളുടെ സമ്പാദ്യമുപയോഗിച്ചു വാങ്ങുന്ന കാറുകൾ ഇപ്രകാരം വാടകക്ക് കൊടുത്തു വരുന്നുണ്ട്. ഈ കാറുകളുപയോഗിച്ചാണ് മിക്ക ആളുകളും ഇന്ന് കുറ്റ കൃത്യങ്ങൾ നടത്തി വരുന്നത്. നൗഷാദിനെ കണ്ടെത്തുന്നതിനും കണ്ടെത്തിയ മദ്യം വ്യാജമായി നിർമിച്ചതാണോ എന്നറിയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.ഐ-യോടൊപ്പം അഡീഷണൽ എസ്.ഐ. ശ്രീകുമാർ, സീനിയർ സിപിഒ-മാരായ രാമചന്ദ്രൻ, ശ്രീവിദ്യ ഡ്രൈവർ സിപിഒ സജീവ് സിപിഒ-മാരായ അരുൺ കുമാർ, ഇല്ല്യാസ്, മുഹമ്മദ് അമീൻ, കാറ്റ്സ് സേനാംഗങ്ങളായ മുബഷിർ, സുധീഷ് മോഹൻ, അരുൺ എന്നിവരടങ്ങുന്ന സംഘവും ഉണ്ടായിരുന്നു.